# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1806 — 11.02.2013-ൽ മറുപടിക്ക്.

### ഗ്രാമസഭകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | അധികാര വികേന്ദ്രീകരണത്തിന്റെ ഏറ്റവും ജനശ്രദ്ധ പിടിച്ചുപറ്റിയ ഗ്രാമസഭകൾ നിർബന്ധപൂർവ്വം വിളിച്ചുചേർക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ, തൃശ്ശൂർ ജില്ലയിലെ വരന്തരപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ 2011 വർഷത്തിൽ ഗ്രാമസഭകൾ യഥാസമയം ചേരാത്തതിനാൽ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ 12 അംഗങ്ങളേയും, വരന്തരപ്പള്ളി ഗ്രാമപഞ്ചായത്തിലെ 21 അംഗങ്ങളേയും കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യരാക്കുകയും ഹൈക്കോടതി ഈ അയോഗ്യത റദ്ദാക്കുകയും ചെയ്തിരുന്നു. |
| (ബി) | ഗ്രാമസഭകൾ വിളിച്ചു ചേർക്കാതെ തന്നെ പദ്ധതികൾ രൂപപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനായി ഒരു ദിവസം ഒരു ഗ്രാമസഭ എന്ന നിലയിൽ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനങ്ങളെ ബോധവത്കരിക്കുന്നതിനും ഏകദിന ശില്പശാല, റോഡ് ഷോ |

എന്നിവ നടത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണ്. പഞ്ചായത്തിന്റെ മുഴുവൻ വികസന ക്ഷേമപദ്ധതികളും ഗ്രാമസഭാ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിർവ്വഹിക്കുന്നതിനും, പുരോഗതി വിലയിരുത്തുന്നതിനും ശക്തമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും ഗ്രാമസഭയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഗ്രാമസഭാ നിരീക്ഷകരേയും, ഗ്രാമസഭാ നടത്തിപ്പ് വീഡിയോ റെക്കോർഡ് ചെയ്യുന്നതിനും, ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് സാങ്കേതിക വിദഗ്ദ്ധരെ നിയോഗിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ഗ്രാമസഭയുടെ പ്രസക്തിയെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനും എല്ലാ വാർഡുകളിലും ഗ്രാമ/വാർഡ് സഭാ ഓഫീസായി പ്രവർത്തിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ''ഗ്രാമ കേന്ദ്രം'' 2013 മാർച്ച് 31 നകം തന്നെ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. ഗ്രാമ/വാർഡ് സഭകൾ ശാക്തീകരിക്കുന്നതിന് റസിഡൻസ് അസോസിയേഷൻ മാതൃ കയിൽ 50 മുതൽ 100 വരെ കുടുംബങ്ങൾ ഉൾപ്പെടുന്ന അയൽ സഭകൾ ഓരോ വാർഡിലും സംഘടിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ